KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD

COBANK TOWERS, Vikasbhavan P.O, Palayam, Thiruvananthapuram. Pin 695033.

## അപേക്ഷ ക്ഷണിക്കുന്നു

കേരള ബാങ്കിന്റെ വിവിധ ശാഖകളിലായി 586 ഗോൾഡ് അപ്രൈസർമാരുടെ ഒഴിവുകളുണ്ട്. നിയമനം കമ്മീഷൻ വ്യവസ്ഥയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ആയിരിക്കും. യോഗ്യതാ മാനദണ്ഡങ്ങൾ: സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. പ്രായം: 21 50 വയസ്സ്. പത്താം തരം എങ്കിലും പാസായിരിക്കണം. അപേക്ഷകന്/ അപേക്ഷകയ്ക്ക് സ്വർണത്തിന്റെ മാറ്റ് പരിശോധിക്കുവാനുള്ള ഏതെങ്കിലും അംഗീകൃത സ്ഥാപനം/ അംഗീകൃത ഏജൻസി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള അംഗത്വം ഉണ്ടായിരിക്കണം.
ഇന്റർവ്യൂ , പ്രായോഗിക പരിജ്ഞാന പരിശോധന, പോലീസ് വെരിഫിക്കേഷൻ/ ക്ലിയറൻസ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം. സ്വർണ്ണ പണിയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. ഓരോ ജില്ലയിലേക്കും അപേക്ഷിക്കുന്നവർ ആ ജില്ലയിലെ ബാങ്കിന്റെ ഏത് ശാഖയിലും ജോലി ചെയ്യാൻ സന്നദ്ധരായിരിക്കണം. ബാങ്ക് നിഷ്കർഷിക്കുന്ന സെക്യൂരിറ്റി തുക , ഇൻഡെമിനിറ്റി ബോണ്ട്, ബാങ്കിന് സ്വീകാര്യമായ പൊതുസമ്മതരായ രണ്ടു വ്യക്തികളുടെ ജാമ്യം തുടങ്ങിയവ നിയമന സമയത്ത് നിയമനം ലഭിക്കുന്ന ആൾ നൽകേണ്ടതാണ്. അപ്രൈസർമാരെ സംബന്ധിച്ച ബാങ്കിന്റെ എല്ലാ നിബന്ധനകളും പാലിക്കുവാനും ബാങ്കിന്റെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ബാങ്ക് ഇടപാട് സമയങ്ങളിൽ ബാങ്കിൽ ഹാജരായിരിക്കേണ്ടതും, ബാങ്ക് മാനേജർ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം സ്വർണ്ണപ്പണയ വായ്പ വർദ്ധനവിനും സ്വർണ്ണപ്പണയ കുടിശ്ശിക കുറയ്ക്കുന്നതിനും, മാനേജർ നിർദ്ദേശിക്കുന്ന ബാങ്ക് സംബന്ധമായ മറ്റ് ജോലികൾക്കും സന്നദ്ധരായിരിക്കണം. ഒരാൾ ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. കേരള ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ പേരിൽ തയ്യാറാക്കിയ അപേക്ഷ ബാങ്കിന്റെ റീജിയണൽ ഓഫീസുകൾ/ ജില്ലാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 2022 ജനുവരി 21ാം തിയതി വൈകുന്നേരം 5 മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്.

30.12.2022

(ഒപ്പ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ